# പ്രളയാനന്തര കുട്ടനാടിന് ഒരു പ്രത്യേക പാക്കേജ്

## സംസ്ഥാന ആസൂത്രണ ബോർഡ് സർക്കാരിന് സമർപ്പിക്കുന്ന റിപ്പോർട്ടിന്റെ സംഗ്രഹം

ലോക ഭക്ഷ്യ, കാർഷിക സംഘടനയുടെ ആഗോള പ്രാധാന്യമുള്ള കാർഷിക പൈതൃക വ്യവസ്ഥാ പദവി ലഭിച്ചിട്ടുള്ള പ്രദേശമായ കുട്ടനാട്, ആലപ്പുഴ, പത്തനംതിട്ട, കോട്ടയം ജില്ലകളിലെ പത്തിലധികം താലൂക്കുകളിലായി സ്ഥിതിചെയ്യുന്നു. ഇന്ത്യയിൽ സമുദ്രനിരപ്പിൽ നിന്നും താഴെയുള്ളയിടത്ത് നെൽകൃഷി ചെയ്യുന്ന അപൂർവ്വ പ്രദേശങ്ങളിലൊന്ന് എന്ന പ്രത്യേകത കുട്ടനാടിനുണ്ട്. കേരളത്തിലെ പ്രധാന നദി കളായ പമ്പ, അച്ചൻകോവിൽ, മീനച്ചിൽ, മണിമല, മൂവാറ്റുപുഴ എന്നിവയുടെ സംഗമസ്ഥാ നമാണ് കുട്ടനാട്. അഞ്ചു നദികളുടെ സംഗമസ്ഥാനമെന്നതിനാലും സമുദ്രനിരപ്പിൽ നിന്ന് താഴ്ന്നതിനാലും കുട്ടനാട്ടിൽ വെള്ളപ്പൊക്ക ഭീഷണി എല്ലാക്കാലത്തും നിലനിന്നിരുന്നു. എല്ലാ കാലവർഷക്കാലത്തും കുട്ടനാടിന്റെ ചില ഭാഗങ്ങളിലെങ്കിലും വെള്ളം കയറാറുണ്ട്. 2018-ലെ വെള്ളപ്പൊക്കം കുട്ടനാടിനെ ഗുരുതരമായി ബാധിച്ചു. കൃഷിയും വീടുകളും മറ്റ് ജംഗമവസ്തുക്കളുമടക്കം വലിയ നാശനഷ്ടമാണ് ഈ പ്രദേശത്തുണ്ടായത്. സംസ്ഥാന സർക്കാർ നടപ്പിലാക്കുന്ന കേരള പുനർനിർമ്മാണ ദൌത്യത്തിൽ കുട്ടനാട്ടിലെ പശ്ചാത്ത ല സൌകര്യങ്ങളുടെയും ജീവനോപാധികളുടെയും പുന:സ്ഥാപനം പ്രധാനപ്പെട്ടതാണ്.

കുട്ടനാടിന്റെയും ഇവിടുത്തെ കൃഷിയുടെയും വികസനത്തിനായി തിരുവിതാംകൂറും പിന്നീട് കേരള സംസ്ഥാനവും ആദ്യകാലങ്ങളിൽ (1950-കൾ മുതൽ) മൂന്ന് പ്രധാനപ്പെട്ട ഇടപെട ലുകൾ നടത്തിയിരുന്നു. ഒന്ന്, പമ്പ, അച്ചൻകോവിൽ, മണിമല എന്നീ നദികളിലെ പ്രളയ ജലം കടലിലേക്ക് ഒഴുക്കിക്കളയുന്നതിനായി തോട്ടപ്പള്ളി സ്പിൽവേ. രണ്ട്, വേമ്പനാട് കായലിലേക്ക് ഉപ്പുവെള്ളം കയറുന്നത് തടയുന്നതിനായി തണ്ണീർമുക്കം ബണ്ട്. മൂന്ന്, കുട്ടനാട്ടിലെ ഗതാഗത, വിനിമയ സൌകര്യങ്ങൾ വികസിപ്പിക്കുന്നതിനായും പ്രളയജലം ഒഴുകി വേമ്പനാട് കായലിൽ എത്തുന്നതിനായുമുള്ള ആലപ്പുഴ-ചങ്ങനാശ്ശേരി റോഡും സമാന്തരമായി കനാലും ചേരുന്ന വ്യവസ്ഥ.

മുകളിൽ പറഞ്ഞ മൂന്ന് ഇടപെടലുകളടക്കമുള്ള കുട്ടനാട്ടിലെ വികസന പദ്ധതികളിലെ മെല്ലെപ്പോക്ക് കാലാകാലങ്ങളിലായി പല വിവാദങ്ങൾക്കും വഴിവെച്ചിട്ടുണ്ട്. ഉദാഹരണ ത്തിന്, തോട്ടപ്പള്ളി സ്പിൽവേയുടെ സ്ഥാപിത ഉദ്ദേശ്യം സാധ്യമാക്കപ്പെടുന്നില്ല. പമ്പ, അച്ചൻകോവിൽ, മണിമല എന്നീ നദികളിലെ മൺസൂൺകാലത്തെ പ്രളയജലം കടലി ലേക്ക് ഒഴുക്കിക്കളയുന്നതിൽ ലക്ഷ്യം കൈവരിക്കാനാവുന്നില്ല. തണ്ണീർമുക്കം ബണ്ട് നിർമ്മി ച്ചത് ഓരുവെള്ളം കയറി പുഞ്ചകൃഷി നശിക്കാതിരിക്കുന്നതിനായിരുന്നു. എന്നാൽ വേമ്പ നാട് കായലിലേക്ക് ഓരുവെള്ളം കയറാതിരിക്കുന്നത് കുട്ടനാട്ടിലെ മത്സ്യസമ്പത്തി ന് ഹാനികരമെന്നു പറയുന്നു. അതേ പോലെ, വേമ്പനാട് കായൽപ്രദേശത്തെ വെള്ള

ത്തിൽ കളകൾ വളരുന്നതിനും കാരണമാവുന്നു. അത് ജല മലിനീകരണം, ജല ഗതാഗതം തടസ്സപ്പെടൽ, മത്സ്യവളർച്ചയിലെ തടസ്സം എന്നിവ സൃഷ്ടിക്കുന്നു. ആലപ്പുഴ – ചങ്ങനാശ്ശേരി റോഡിനു സമാന്തരമായി കനാൽ നിർമ്മിക്കാൻ തീരുമാനിച്ചത് അപ്പർ കുട്ടനാട്ടിലെ വെള്ളപ്പൊക്കം കുറയ്ക്കുക എന്ന ലക്ഷ്യത്തോടെയാണ്. റോഡിന്റെ പണി പൂർത്തിയായെങ്കിലും കനാലിന്റെ നിർമ്മാണം ഇതുവരെയും പൂർണ്ണമായിട്ടില്ല. എ.സി റോഡ് വന്നതോടുകൂടി അതിന്റെ ഇരുവശത്തും ആസൂത്രണമില്ലാതെയും അശാസ്ത്രീയമായും അനേകം ചെറുറോഡുകൾ നിർമ്മിച്ചത് കുട്ടനാട്ടിലെ സ്വാഭാവിക നീരൊഴുക്കിന് തടസ്സമാവുകയും വെള്ളപ്പൊക്ക കെടുതികളിലേക്ക് നയിക്കുകയും ചെയ്യുന്നു. ചുരുക്കത്തിൽ കുട്ടനാടിന്റെ വികസനം ലക്ഷ്യമിടുന്ന മൂന്ന് പദ്ധതികളും കുട്ടനാടിനു പൊതുവിൽ തടസ്സങ്ങൾ സൃഷ്ടിക്കുന്നുവെന്നത് ഈ വിമർശനങ്ങളിലൊക്കെ തന്നെ കാണാം. സാങ്കേതികം, സാമ്പത്തികം, സാമൂഹികം, പാരിസ്ഥിതികം എന്നീ കാര്യങ്ങളുടെ ഒരു സംയോജിത നീക്കത്തിലൂടെ നിലവിലുള്ള തടസ്സങ്ങളെ മറികടക്കാവുന്നതാണ്.

1989 വർഷത്തിൽ ഇന്ത്യ-ഡച്ച് സംഘം കുട്ടനാട് മേഖലയിലെ ജലവിതാനത്തെപ്പറ്റി പഠനം നടത്തി. വെള്ളപ്പൊക്കം, കുടിവെള്ള ദൌർലഭ്യം, ഓരുവെള്ളം കയറൽ, ജല പരിസ്ഥിതി, കൃഷി മത്സ്യബന്ധന തർക്കങ്ങൾ എന്നിവയെക്കുറിച്ച് പഠിക്കുകയായിരുന്നു ഉദ്ദേശ്യം. എന്നാൽ, വിശദമായ ഈ പഠനത്തെത്തുടർന്ന് വേണ്ടത്ര നടപടികൾ സർക്കാർ എടുത്തില്ല. കേന്ദ്ര ജലക്കമ്മീഷനോ, സംസ്ഥാന സർക്കാരോ നയപരമായ ഒരു തീരുമാനവും സ്വീകരിച്ചില്ല. ഇതടക്കമുള്ള പഠനങ്ങളിൽ നിന്നെല്ലാം വ്യക്തമാവുന്നത് സ്ഥായിയായ ചില പ്രശ്നങ്ങൾ കുട്ടനാട്ടിൽ പരിഹരിക്കാതെ നിലനിൽക്കുന്നു എന്നാണ്. കുട്ടനാട്ടിലേക്കു ശുദ്ധജലത്തിന്റെ സന്നിവേശം, വെള്ളപ്പൊക്ക നിയന്ത്രണം, രണ്ടാംവിളയുടെ സാധ്യതകളും പ്രശ്നങ്ങളും എന്നിവ ഉദാഹരണം. 2007 ലെ എം.എസ്. സ്വാമിനാഥൻ റിസർച്ച് ഫൌണ്ടേഷന്റെ പഠനത്തിൽ ഈ പ്രശ്നങ്ങളൊക്കെ കൈകാര്യം ചെയ്തിരുന്നു.

കുട്ടനാട് തണ്ണീർത്തട ആവാസ വ്യവസ്ഥയുടെ സാമ്പത്തികവും പാരിസ്ഥിതികവുമായ പ്രശ്നങ്ങൾ പരിശോധിക്കുന്നതിനായി കേന്ദ്ര കൃഷി മന്ത്രാലയം 2006 ൽ എം.എസ്. സ്വാമിനാഥൻ റിസർച്ച് ഫൌണ്ടേഷനെ ചുമതലപ്പെടുത്തി. ഈ പ്രദേശത്തിന്റെ പാരിസ്ഥിതിക സുരക്ഷയ്ക്കും സുസ്ഥിര ജീവനോപാധിക്കും ഊന്നൽ നൽകാനായിരുന്നു നിർദ്ദേശം. കാർഷിക പ്രതിസന്ധി ഉയർന്നുവന്ന സമയത്താണ് സർക്കാർ ഈ പഠനത്തിനു തുടക്കമിട്ടതെങ്കിലും കുട്ടനാട് പ്രദേശത്തിന്റെയാകെ പാരിസ്ഥിതിക പുന:സ്ഥാപനത്തിനു വേണ്ട ഒരു മാസ്റ്റർ പ്ലാനായി ഇതു വികസിച്ചു വന്നു. 2007 ജൂണിൽ അന്തിമ റിപ്പോർട്ട് സമർപ്പിച്ചു. ആ റിപ്പോർട്ടിലെ നിർദ്ദേശങ്ങളാണ് 'കുട്ടനാട് പാക്കേജി'ന് ജന്മം നൽകാനിടയാക്കിയത്. 2007 നുശേഷം കുട്ടനാടിനെ സംബന്ധിച്ച നയപരമായ തീരുമാനങ്ങളെയെല്ലാം ആ റിപ്പോർട്ട് ആഴത്തിൽ സ്വാധീനിച്ചിട്ടുണ്ട്. ആ റിപ്പോർട്ടിന്റെ പ്രധാന നിർദ്ദേ

ശങ്ങൾ 7 പ്രധാന പ്രമേയങ്ങളിൽ ഊന്നിയിരുന്നു. (1) വേമ്പനാട് കായലിന്റെ കുറയുന്ന ജല വിസ്തൃതി (2) വെള്ളപ്പൊക്ക നിയന്ത്രണം (3) ഓരുവെള്ളം കയറൽ (4) നീരൊഴുക്ക് തടയൽ (5) ജലമലിനീകരണവും കളകളും (6) മൃഗ-മത്സ്യ, ജൈവവൈവിധ്യത്തിന്റെ നാശനഷ്ടം (7) ആരോഗ്യം, ശുചിത്വം, കുടിവെള്ളം എന്നിവയായിരുന്നു 7 പ്രമേയങ്ങൾ.

ഈ കുട്ടനാട് പാക്കേജിന് മൊത്തം 1839.75 കോടി രൂപ ചെലവുവരുമെന്നാണ് കണക്കാക്കിയിരുന്നത്. 2019 മാർച്ച് 31 വരെയുള്ള കണക്കുകൾ പ്രകാരം 1124.79 കോടി രൂപ വിവിധ പദ്ധതിക്കൾക്കായി ചെലവഴിച്ചുകഴിഞ്ഞു. കേന്ദ്ര സർക്കാരിന്റെ വെള്ളപ്പൊക്ക നിയന്ത്രണ പരിപാടി, പതിമൂന്നാം ധനകാര്യ കമ്മീഷനിൽ നിന്നുള്ള പ്രത്യേക ഗ്രാന്റ്, സംസ്ഥാന സർക്കാരിന്റെ പദ്ധതി വിഹിതം എന്നിവയായിരുന്നു ധന സ്രോതസ്സുകൾ. ജലസേചന വകുപ്പ്, കൃഷി വകുപ്പ്, കാർഷിക സർവകലാശാല, മണ്ണ് സംരക്ഷണ വകുപ്പ്, മത്സ്യബന്ധന വകുപ്പ്, പരിസ്ഥിതി വകുപ്പ്, മൃഗസംരക്ഷണ വകുപ്പ്, ടൂറിസം, ശുചിത്വമിഷൻ എന്നീ ഏജൻസികളിലൂടെയാണ് പാക്കേജ് നടപ്പിലാക്കാൻ ശ്രമിച്ചത്. ചില പ്രധാന നിർദ്ദേശങ്ങൾ നടപ്പിലാക്കാൻ കഴിഞ്ഞു എന്നത് ഒന്നാം കുട്ടനാട് പാക്കേജിന്റെ നേട്ടമായി കണക്കാക്കാം. തണ്ണീർമുക്കം ബണ്ടിന്റെ മൂന്നാം ഫേസ് പൂർത്തീകരണം, തോട്ടപ്പള്ളി സ്പിൽവേയുടെ നവീകരണം, പാടശേഖരങ്ങളിലെ ബണ്ട് നിർമ്മാണം, കൊച്ചാർ കനാലിന്റെ നിർമ്മാണം, കരിപ്പുഴ തോടിന്റെ നിർമ്മാണം, കരിയാറിനു കുറുകെയുള്ള റെഗുലേറ്റർ നിർമ്മാണം, എ.സി.കനാലിന്റെ ഒന്നാം ഭാഗം പൂർത്തീകരണം, പുതിയ വിത്തിനങ്ങളുടെ പ്രകാശനം, ആയിരക്കണക്കിന് പശുകുട്ടികളുടെ വിതരണം, നിരണത്തെ താറാവ് ഫാമിന്റെ നവീകരണം എന്നിവയെയൊക്കെ നേട്ടങ്ങളിൽ പെടുത്താം. എന്നാൽ അതേ സമയം തന്നെ, മറ്റു പല പ്രധാന നിർദ്ദേശങ്ങളും പണത്തിന്റെ കുറവോ ഭരണ കാര്യക്ഷമതയില്ലായ്മയോ കാരണം പൂർത്തിയാകാതെ നിലനിൽക്കുന്നു. വകുപ്പുകളുടെ ഏകോപനമില്ലായ്മയാണ് ഒന്നാം കുട്ടനാട് പാക്കേജിന്റെ ഒരു പ്രധാന പരിമിതിയായി ഈ റിപ്പോർട്ടിൽ പരാമർശിച്ചിട്ടുള്ളത്.

2018 ലെ വെള്ളപ്പൊക്കത്തെത്തുടർന്ന് കേരള സർക്കാർ നവകേരള നിർമ്മിതി പ്രഖ്യാപിച്ചു. കുട്ടനാട് പ്രദേശത്തിന്റെ പാരിസ്ഥിതിക പുന:സ്ഥാപനവും പുനർനിർമ്മാണത്തിനും വേണ്ട ഒരു പുതിയ പാക്കേജ് തയ്യാറാക്കാൻ സംസ്ഥാന ആസൂത്രണ ബോർഡിനെയാണ് സർക്കാർ ചുമതലപ്പെടുത്തിയിരിക്കുന്നത്.

കുട്ടനാടിന്റെ വികസനം സംബന്ധിച്ച ഈ റിപ്പോർട്ടിന്റെ നയപരമായ ചട്ടക്കൂട് സ്വീകരിച്ചിരിക്കുന്ന അടിസ്ഥാന സമീപനം ഇനിപ്പറയുന്നവയാണ്. (1) കാർഷിക വളർച്ചയും കർഷക വരുമാനവും വർദ്ധിപ്പിക്കുക, (2) വേമ്പനാട് കായൽ വ്യവസ്ഥയെ പാരിസ്ഥിതി കാഘാതങ്ങൾ താങ്ങാൻ കഴിയുന്ന സ്ഥിതിയിലാക്കുക, (3) പ്രദേശവാസികളെ സുരക്ഷിതമായി ജീവിക്കാൻ പ്രാപ്തരാക്കുക, (3) വിവിധ സാമൂഹ്യ, സാമ്പത്തിക വിഭാഗങ്ങളുടെ

വിയോജിപ്പുകൾ പരിഹരിക്കുക. മറ്റൊരുതരത്തിൽ പറഞ്ഞാൽ ഉല്പാദനക്ഷ മത, ലാഭക്ഷമത, പരിസ്ഥിതി, ഭൗതികസുരക്ഷ, പരസ്പര സഹകരണം എന്നിവയായിരി ക്കണം കുട്ടനാടിനെ സംബന്ധിച്ച ഭാവി നയങ്ങളുടെ കാതൽ. ഈ ലക്ഷ്യങ്ങൾ ആധുനിക സാങ്കേതികവിദ്യകളുടെ ഉപയോഗം, ജലവിഭവ വിനിയോഗത്തിനു വേണ്ട ശാസ്ത്രീയ ആസൂത്രണം, അനുയോജ്യമായ വെള്ളപ്പൊക്ക നിയന്ത്രണ സംവിധാനങ്ങൾ, ജനാധിപത്യശാക്തീകരണം എന്നിവയിലൂടെ നേടാനാവും.

സംയോജിത ജലവിഭവ മാനേജ്മെന്റിലൂടെയേ കുട്ടനാടിന്റെ വികസന പ്രശ്നങ്ങളെ പരിഹ രിക്കാനാവൂ. കാരണം ജലകേന്ദ്രിതമായ ഒരു ആവാസ വ്യവസ്ഥയാണ് കുട്ടനാട്. അങ്ങ നെ നോക്കുമ്പോൾ, ഈ പ്രദേശത്തെ കൃഷി, മത്സ്യബന്ധനം, മൃഗസംരക്ഷണം, ടൂറിസം എന്നീ രംഗങ്ങളും അത് പ്രദാനം ചെയ്യുന്ന തൊഴിലുകളും തൊഴിൽ സാധ്യതകളും കണ ക്കിലെടുക്കേണ്ടതുണ്ട്. അതേ പോലെ വ്യവസായം, ആരോഗ്യം, ശുചിത്വം, കുടിവെള്ളം എന്നിവയും പ്രാധാന്യത്തോടെ പരിഗണിക്കണം. ചുരുക്കത്തിൽ കുട്ടനാടിന്റെ സമഗ്രവിക സനം വിവിധ ശാസ്ത്ര, സാമൂഹിക-ശാസ്ത്ര വിഷയങ്ങളുടെ വിശകലനത്തിന്റെ ആകെത്തുക യായിരിക്കണം. ഇങ്ങനെയുണ്ടാവുന്ന നയം പദ്ധതികളായി നടപ്പിലാവുമ്പോൾ അതുചെ യ്യുന്ന വിവിധ വകുപ്പുകൾ തമ്മിൽ വ്യക്തമായ ധാരണയുണ്ടായിരിക്കണം, യോജിപ്പുമുണ്ടാ വണം. പല വകുപ്പുകൾ സംയോജിതമായി നടപ്പിലാക്കുന്ന പദ്ധതികളുണ്ടാവണം.

ശാസ്ത്രീയമായി രൂപകല്പന ചെയ്തിട്ടുള്ള നദീതട നയത്തോടു കൂടി കുട്ടനാട്ടിലെ ജലപരിപാല നത്തെപ്പറ്റി ചിന്തിക്കാവുന്നതാണ്. 2018 ലുണ്ടായ വെള്ളപ്പൊക്കം ഈ ആവശ്യത്തിന്റെ അടിയന്തിര ആവശ്യകത വ്യക്തമാക്കുന്നുണ്ട്. അതിന്റെ ഒരു രൂപരേഖയാണ് താഴെ കൊടുക്കുന്നത്. ജലവിഭവ പരിപാലന നയത്തിന്റെ അടിസ്ഥാനത്തിൽ കുട്ടനാട്ടിലെ ജലവ്യവസ്ഥയെ പ്രാഥമികം, ദ്വിതീയം, ത്രിതീയം എന്നിങ്ങനെ തരംതിരിക്കാം. പ്രാഥമിക വ്യവസ്ഥയിൽ അഞ്ച് നദികളുടെ താഴ്ഭാഗത്തുള്ള പ്രദേശങ്ങൾ (കുട്ടനാടിലെത്തുന്നതിന് മുൻപുള്ള) ഉൾപ്പെടുന്നു. ദ്വിതീയ വ്യവസ്ഥയിൽ കുട്ടനാടിനുള്ളിലെ ചെറുതും വലുതുമായ കനാലുകളും കൈവഴികളുമാണുള്ളത്. ത്രിതീയ വ്യവസ്ഥയിൽ പാടശേഖരങ്ങളോടു ചേർന്നുള്ള ചെറിയതും തീരെ ചെറിയതുമായ തോടുകൾ ഉൾപ്പെടുന്നു.

വെള്ളപ്പൊക്കത്തിന്റെ സ്വാഭാവിക ഒഴുക്ക് പ്രാഥമിക, ദ്വിതീയ വ്യവസ്ഥകളിൽ പുന:സ്ഥാപിക്കേണ്ടതുണ്ട്. "നദിക്കൊരിടം" (Room for River) എന്ന പേരിൽ ഒരു പദ്ധതി വെള്ളപ്പൊക്ക സാധ്യതയുള്ള നെതർലാന്റ്സ് പോലുള്ള രാജ്യങ്ങളിൽ വെള്ളപ്പൊക്ക നാശനഷ്ടങ്ങൾ കുറയ്ക്കുന്നതിനായും ആളുകളുടെ സുരക്ഷ ഉറപ്പാക്കുന്നതിനായും നിലവിലുണ്ട്. ഇതിന് സ്വാഭാവികമായും വെള്ളംപൊങ്ങുന്ന നദികളും അനുബന്ധ പ്രദേശങ്ങളും തടസ്സപ്പെടുത്താതെ നിലനിർത്തണം. ഇതിലൂടെ ജനവാസകേന്ദ്രങ്ങളെയും സാമ്പത്തികമായി പ്രാധാന്യമുള്ള പ്രദേശങ്ങളെയും വെള്ളപ്പൊക്കത്തിൽ നിന്നും

സംരക്ഷിക്കാം. ഇതിന്റെ ആദ്യ പടിയായി "പമ്പയ്ക്കൊരിടം" (Room for Pamba) എന്ന ഒരു പദ്ധതി ഈ റിപ്പോർട്ടിൽ നിർദ്ദേശിച്ചിട്ടുണ്ട്. ഇതിന്റെ ആദ്യ പടിയായി 60 കോടി രൂപയും വകയിരുത്താൻ നിർദ്ദേശിച്ചിട്ടുണ്ട്.

ത്രിതീയ വ്യവസ്ഥയിലെ പാടശേഖരങ്ങളെ വെള്ളത്തിന്റെ പുറത്തേക്കുള്ള ഒഴുക്കിന്റെ അടിസ്ഥാനത്തിൽ ക്ലസ്റ്ററുകളായി തിരിക്കണം. ഇങ്ങിനെ ക്ലസ്റ്ററുകളായി തിരിക്കുന്ന പ്രക്രിയയെ കംപാർട്ട്മെന്റലൈസേഷൻ (compartmentalisation) എന്നു വിളിക്കാം. ഓരോ കംപാർട്ട്മെന്റിനെയും (അതായത് അനവധി പാടശേഖരങ്ങളുടെ ഒരു ക്ലസ്റ്ററിനെ) വെള്ളപ്പൊക്കത്തിൽ നിന്നും സംരക്ഷിക്കാൻ ഉയരത്തിലുള്ള ശക്തിയുള്ള ബണ്ടുകൾ നിർമ്മിക്കാം. അങ്ങിനെ ചെയ്താൽ ഓരോ കംപാർട്ട്മെന്റിനുമകത്തുള്ള പാടശേഖരങ്ങൾക്ക് വളരെ ഉയരത്തിലുള്ള, ഏറെ ബലമുള്ള ബണ്ടുകൾ ആവശ്യം വരില്ല. വെള്ളപ്പൊക്ക സാധ്യത കുറയ്ക്കുകയും നാശനഷ്ടങ്ങളുണ്ടാവുന്നതും ജനജീവിതത്തെ ബാധിക്കുന്നതും കുറയ്ക്കുകയും ആണ് ഉദ്ദേശ്യം. ഇത് നന്നായി നടപ്പിൽ വരുത്താൻ കഴിഞ്ഞാൽ തണ്ണീർമുക്കം ബണ്ട് തുറന്ന് വെച്ചാൽ പോലും ഓരുവെള്ളം പാടശേഖരങ്ങളിലേക്ക് കയറില്ല. എന്നാൽ ഈ പ്രക്രിയ ശാസ്ത്രീയമായും ജനാധിപത്യപരമായും യാതൊരുവിധ പാരിസ്ഥിതികാഘാതവും ഇല്ലെന്ന് ഉറപ്പുവരുത്തിയുമാണ് ചെയ്യേണ്ടത്.

അതേപോലെ വേമ്പനാട് കായലിന്റെ വിസ്തൃതി കുറയാതെ നോക്കേണ്ടുന്ന "വേമ്പനാടിനൊരിടം" പദ്ധതിയും (Room for Vembanad) നടപ്പിലാക്കേണ്ടതുണ്ട്. കായൽ കയ്യേറ്റവും മണ്ണിട്ടു നികത്തലും തടയേണ്ടതുണ്ട്. ഈ രണ്ടു പദ്ധതികളും വെള്ളപ്പൊക്കംമൂലം കുട്ടനാട്ടിലുണ്ടാവുന്ന നാശനഷ്ടങ്ങൾ കുറക്കണം. ഇതെങ്ങിനെയാവണം എന്ന് ഈ റിപ്പോർട്ടിൽ വിശദമായി നിർദ്ദേശിച്ചിട്ടുണ്ട്.

2018 ലെ വെള്ളപ്പൊക്കത്തിന്റെ പശ്ചാത്തലത്തിൽ തോടുകളിലെ ചെളിയും മാലിന്യവും നീക്കംചെയ്യേണ്ടതും വശങ്ങൾ ബലപ്പെടുത്തേണ്ടതും അനിവാര്യമെന്ന് വ്യക്തമായിട്ടുണ്ട്. കുട്ടനാട്ടിലെ സ്വതന്ത്രമായ നീരൊഴുക്കിന് ബലമുള്ള ബണ്ടുകൾ പാടശേഖരത്തിനു പുറത്തുണ്ടാവണം, തോടുകളുടെ വശങ്ങൾ ശക്തിപ്പെടുത്തണം. തോടുകളിലെ മണ്ണും ചെളിയും നീക്കം ചെയ്യണം. പാടശേഖരത്തിനു പുറത്തെ ബണ്ടു നിർമ്മാണം കംപാർട്ട്മെന്റലൈസേഷൻ പദ്ധതിയുമായി യോജിച്ചു പോകണം. വേണ്ടയിടത്ത് ബണ്ടുകൾക്ക് ജൈവസംരക്ഷണം നൽകി സംരക്ഷിക്കണം. ഇവിടെ കയർ ഭൂവസ്ത്രം ഉപയോഗിക്കുന്നത് കയർ വ്യവസായത്തെ സഹായിക്കുന്നതു കൂടിയാണ്. അശാസ്ത്രീയമായി നിർമ്മിച്ച റോഡുകളും പാലങ്ങളും സ്വാഭാവിക നീരൊഴുക്കിന് തടസ്സമാവുന്നു. അത്തരം പാലങ്ങളും റോഡുകളും കണ്ടെത്തി ശാസ്ത്രീയമായി പുനർനിർമ്മിക്കേണ്ടതുണ്ട്.

തോട്ടപ്പള്ളി സ്പിൽവേയുടെ കാര്യക്ഷമത വർധിപ്പിക്കാത്തതിനാൽ പ്രളയജലം കടലിലേക്കൊഴുകുന്നതിന് തടസ്സമാകുന്നു. വീയപുരം മുതൽ തോട്ടപ്പള്ളി വരെയുള്ള സ്പിൽവേയുടെ ലീഡിങ് കനാലിന്റെ വീതികൂട്ടുകയും ആഴംകൂട്ടുകയും വേണം. കടൽമുഖത്ത് ഉണ്ടാവുന്ന മൺതിട്ട സ്ഥായിയായി ഇല്ലാതാക്കാൻ അവിടെ ഒരു ഗ്രോയിൻ (groyne) നിർമ്മിക്കുന്നതിന്റെ സാധ്യതകൾ പരിശോധിക്കണം. പമ്പ നദിയിൽ അടിഞ്ഞു കൂടിയിട്ടുള്ള എക്കൽ നീക്കം ചെയ്തും വീയപുരത്തിനടുത്തുള്ള വളവുകൾ നേരെയാക്കിയും നീരൊഴുക്ക് സുഗമമാക്കാവുന്നതാണ്. അതുപോലെ, അപ്പർ കുട്ടനാട് മേഖലയിൽ നിന്നും പ്രളയജലം ഒഴുകി പോകുന്നതിന് എ.സി. കനാൽ നിർമ്മാണം പൂർത്തിയാക്കേണ്ടതുണ്ട്.

2018 ലെ വെള്ളപ്പൊക്കം കുട്ടനാട്ടിലെ നെൽകൃഷിയുടെ ഭൂരിഭാഗവും നശിപ്പിച്ചുകളഞ്ഞു. കുട്ടനാട് ഒരു പ്രത്യേക കാർഷിക മേഖലയായി സംസ്ഥാന സർക്കാർ നേരത്തേ തന്നെ പ്രഖ്യാപിച്ചിട്ടുള്ളതാണ്. ഉല്പാദനക്ഷമത വർധിപ്പിക്കുക, കർഷകരുടെ വരുമാനം ഉയർത്തുക, പാരിസ്ഥിതിക സ്ഥിരത ഉറപ്പുവരുത്തുക എന്നിവ ലക്ഷ്യമിടുന്നു. ഇതിലേക്കായി ഏഴ് കാര്യങ്ങളുടെ -- വിത്ത്, വെള്ളം, മണ്ണ്, വിജ്ഞാനവ്യാപനം, യന്ത്രവൽക്കരണം, വിപണനം, മൂല്യവർധനവ് -- ഏകോപനം അനിവാര്യമാണെന്ന് ആസൂത്രണ ബോർഡ് നേരത്തെ തന്നെ വ്യക്തമാക്കിയിട്ടുള്ളതാണ്. ഇതിനെല്ലാം വ്യക്തമായ ആസൂത്രണം ആവശ്യമുണ്ട്. 2017 ൽ കുട്ടനാടിനെ പ്രത്യേക കാർഷിക മേഖലയായി പ്രഖ്യാപിച്ചിട്ടുണ്ടെങ്കിലും കൃഷിവകുപ്പിൽ നിന്നും കൂടുതൽ ഊർജിതമായ സമീപനം ഉണ്ടാവേണ്ടതുണ്ട്. കുട്ടനാട്ടിലെ നെൽകൃഷിക്കു വേണ്ട ഒരു കലണ്ടർ എന്നത് ദീർഘകാലമായി പരിഹരിക്കാതെ നിൽക്കുന്നൊരു പ്രശ്നമാണ്. കാർഷിക കലണ്ടർ പ്രാബല്യത്തിൽ വരുത്തേണ്ടത് തണ്ണീർമുക്കം ബണ്ട് കൃത്യമായി തുറക്കുന്നതും അടയ്ക്കുന്നതുമായും അതു വഴി കുട്ടനാടിന്റെ പരിസ്ഥിതിയും ആവാസവ്യവസ്ഥയുമായും ബന്ധപ്പെട്ടിരിക്കുന്നതാണ്. ഇരുപ്പൂ കൃഷി കാര്യക്ഷമമായി നടത്തുന്നതിനും കാർഷിക കലണ്ടർ വേണം. കുട്ടനാട്ടിൽ വ്യാപകമായി ഉപയോഗിച്ചുവരുന്ന വിത്തിനമാണ് ഉമ. പക്ഷേ ഉമയുടെ വിള പാകമാകുന്നതിന് ഏകദേശം 15 മുതൽ 20 ദിവസം വരെ അധികം സമയമെടുക്കുന്നു. ഇതിലും കുറഞ്ഞ സമയത്തിനിടയിൽ വിളവെടുപ്പ് നടത്താവുന്ന പ്രത്യാശ, മനുരത്ന പോലുള്ള വിത്തിനങ്ങൾ കാർഷിക സർവകലാശാല വികസിപ്പിച്ചിട്ടുണ്ട്. എന്നാൽ അവയ്ക്ക് വിളവ് കുറവായതിനാൽ ഉമയാണ് ഇപ്പോഴും കർഷകർക്കിടയിൽ പ്രചാരമുള്ള വിത്തിനം. ആവശ്യത്തിന് ഗുണനിലവാരമുള്ള വിത്ത് ഓരോ കൃഷിയും തുടങ്ങുന്നതിനു മുമ്പ് ഉറപ്പാക്കണം. നെല്ല് ഗവേഷണ കേന്ദ്രങ്ങൾ വിത്തുകൾ വളർത്തുന്നതിനും സംഭരിക്കുന്നതിനും വിതരണം ചെയ്യുന്നതിനും നേതൃത്വം വഹിക്കണം. കർഷകരെയും കൃഷിഭവനുകളെയും പങ്കെടുപ്പിച്ച് രജിസ്റ്റേർഡ് വിത്ത് വളർത്തൽ പരിപാടി (Registered Seed Growers Programme) പരിഷ്കരിക്കണം.

പാടശേഖരങ്ങളിലെ വെള്ളം ഒഴുക്കിക്കളയുന്നതിന് പെട്ടിയും പറയും എന്നറിയപ്പെടുന്ന

പരമ്പരാഗത രീതിയും യന്ത്രങ്ങളുമാണ് ഉപയോഗിച്ചുവരുന്നത്. വെള്ളപ്പൊക്കത്തിൽ തകർന്ന എഞ്ചിൻ തറകൾ എത്രയും വേഗം പുനർനിർമ്മിച്ച് കൊടുക്കണ്ടേണ്ടതുണ്ട്. ചവിട്ടു ചക്രങ്ങൾ മാറ്റി എഞ്ചിനുകൾ സ്ഥാപിക്കുകയും വേണം. മണ്ണിന്റെ ആരോഗ്യം നിലനിർത്തുന്നതിനും വിളവ് വർദ്ധിപ്പിക്കുന്നതിനും മണ്ണ് പരിശോധന ഒഴിച്ചുകൂടാനാവാത്തതാണ്. ഇതിന്റെ അടിസ്ഥാനത്തിലുള്ള വള പ്രയോഗം വിളവർധനവിലേക്കു നയിക്കും.

തൊഴിലാളി ദൌർലഭ്യം നെൽക്കൃഷി രംഗത്ത് യന്ത്രവൽക്കരണത്തിലേക്കു നയിച്ചു. വലിയ ഭൂവുടമകൾക്ക് മാത്രമായിട്ടല്ല ചെറുകിട-ഇടത്തരം പാടശേഖരങ്ങളിലേക്കു കൂടി ഇത് വ്യാപിപ്പിക്കേണ്ടതുണ്ട്. യന്ത്രങ്ങൾ വാടകയ്ക്കെടുക്കാവുന്ന യൂണിറ്റുകൾ ഉണ്ടാവണം. യന്ത്രങ്ങളുടെ ബ്ലോക്കുതല സർവീസ് കേന്ദ്രങ്ങൾ വേണം. മങ്കൊമ്പിലെ ഫാം മെഷീനറി ആന്റ് റിസർച്ച് ആന്റ് ട്രെയിനിംഗ് സെന്ററിന് ഇതിന്റെ ഒരു ഏകോപന കേന്ദ്രമായി പ്രവർത്തിക്കാവുന്നതാണ്. രോഗങ്ങളെയും കീടങ്ങളെയും പ്രതിരോധിക്കുന്നതിനായി സംയോജിത കീട നിയന്ത്രണ (Integrated Pest Management) നടപടികൾ സ്വീകരിക്കണം. കീട-രോഗ ആക്രമണങ്ങളെ കുറിച്ച് മുന്നറിയിപ്പു നൽകുന്ന സംവിധാനങ്ങൾ ശക്തിപ്പെടുത്തേണ്ടതുണ്ട്. സംയോജിത കൃഷി ചെറിയ പാടശേഖരങ്ങളിൽ നടപ്പിലാക്കാം. നെല്ല് – മീൻ - താറാവ് – കന്നുകാലി എന്നിവ മാറിമാറിയോ ഒപ്പത്തിനൊപ്പമോ കൃഷി ചെയ്യാവുന്നതാണ്.

കുട്ടനാട്ടിലെ പുരയിട ഭൂമിയിലെ നാളികേര കൃഷി പുനരുജ്ജീവിപ്പിക്കണം. നാളികേര കൃഷി പുനരുജ്ജീവിപ്പിക്കുന്നതിനൊപ്പം പുരയിട കൃഷിയും അതിനനുബന്ധമായ മറ്റ് വരുമാനവും തൊഴിലും സൃഷ്ടിക്കുന്ന പരിപാടികളും ഏകോപിപ്പിച്ച് കൊണ്ടു പോകേണ്ടതുണ്ട്. ശാസ്ത്രീയാടിസ്ഥാനത്തിൽ വിവിധ കൃഷി സമ്പ്രദായങ്ങൾ പുരയിട കൃഷിക്കായി കാർഷിക സർവകലാശാല വികസിപ്പിച്ചിട്ടുണ്ട്. കൃഷിയും കന്നുകാലി വളർത്തലും ഒന്നിച്ചുകൊണ്ടുപോകുന്ന പാരമ്പര്യ രീതി ഓണാട്ടുകരയിലും അപ്പർ കുട്ടനാട്ടിലും കാണാം. പച്ചക്കറിക്കൃഷി പങ്കാളിത്ത സമീപനത്തിലൂടെ പ്രോത്സാഹിപ്പിക്കാവുന്നതാണ്.

സംയോജിത കൃഷി വഴി പ്രാദേശികാടിസ്ഥാനത്തിൽ മൂല്യവർധനവിനുള്ള സാധ്യതകളുണ്ട്. കുടുംബശ്രീ, അയൽക്കൂട്ടം, ഹരിതസംഘം എന്നിവയെ ക്ലസ്റ്ററുകളായി തിരിച്ച് മൂല്യവർധനവ് പദ്ധതി മുന്നോട്ടുകൊണ്ടുപോകാം. നാളികേരം, എള്ള് എന്നീ വിളകളുടെ കാര്യത്തിൽ ഈ മേഖലയിൽ പുരോഗതി കൈവരിക്കാനാവും. കുട്ടനാടിന്റെ പാരിസ്ഥിതിക സ്ഥിരത നിലനിർത്തുന്നതിനുവേണ്ടി കൃത്യമായ നിരീക്ഷണം ഉണ്ടായിരിക്കണം. വേമ്പനാട്ടു കായലിന്റെയും കായംകുളം കായലിന്റെയും തീരങ്ങളിൽ കണ്ടൽകാട് വെച്ചുപിടിപ്പിക്കുന്നത് വെള്ളപ്പൊക്ക നാശനഷ്ടങ്ങൾ കുറയ്ക്കുന്നതിനും മത്സ്യസമ്പത്ത് കൂട്ടുന്നതിനും സഹായിക്കുന്നതാണ്. കുട്ടനാട് മേഖലയിൽ അഗ്രോ-

ക്ലിനിക്കുകൾ വിദഗ്ധരുടെ നേതൃത്വത്തിൽ സ്ഥാപിക്കപ്പെടണം. ജൈവകൃഷി പ്രോത്സാഹിപ്പിക്കുന്നതിനു വേണ്ട പരിശീലനം നൽകുന്ന കേന്ദ്രം ഉണ്ടാവണം. പച്ചക്കറി, എള്ള്, ഞവര എന്നിവയുടെ കൃഷിയെ സഹായിക്കുന്നതിനായി ഒരു അറിവിന്റെ കേന്ദ്രം (knowledge centre) തുടങ്ങണം. ജൈവ വളം ഉല്പാദിപ്പിക്കുന്നതിനായി മാലിന്യം ഉപയോഗിക്കുന്നതു വഴി മാലിന്യനിർമ്മാർജ്ജനം സാധ്യമാവുന്നു.

അപ്പർ കുട്ടനാട്ടിലെ കരിമ്പു കൃഷിയെ യന്ത്രവൽക്കരണം, ഉല്പന്നങ്ങളെ ബ്രാന്റ് ചെയ്യൽ, ഉല്പന്ന ബോണസ് എന്നിവയിലൂടെ പ്രോത്സാഹിപ്പിക്കാവുന്നതാണ്. ഒരു കേന്ദ്രീകൃത ശർക്കര നിർമ്മാണ യൂണിറ്റ് സ്ഥാപിക്കണം. കരിമ്പ് പാടങ്ങളിലും സംയോജിത കൃഷി നടപ്പിലാക്കാൻ കഴിയും.

പൊക്കാളിക്കൃഷി സംയോജിത കൃഷിയിൽ നെല്ലും മീനും മാറിമാറി ചെയ്യുന്നു. ഈ രംഗത്ത് അനേകം പ്രശ്നങ്ങൾ നിലനില്ക്കുന്നുണ്ട്. കാലാവസ്ഥയോടു യോജിക്കുന്ന ഇനങ്ങളുടെ വികസനം, വിത്തുല്പാദനം ശക്തിപ്പെടുത്തൽ, സംയോജിത കൃഷി പ്രോത്സാഹനം, മണ്ണ് പരിശോധന, വെള്ളത്തിന്റെ ഗുണനിലവാരം നിലനിർത്തൽ, യന്ത്രവൽക്കരണം, ജൈവ വളത്തിന്റെ പ്രയോഗം, പോഷകക്കുറവ് പരിഹരിക്കൽ എന്നിവയാണ് പൊക്കാളിക്കൃഷി പ്രോത്സാഹിപ്പിക്കുന്നതിനു വേണ്ട നടപടികൾ.

ആദ്യ കുട്ടനാട് പാക്കേജിലെ പാഠങ്ങൾ ഉൾക്കൊണ്ടു കൊണ്ടാണ് മൃഗസംരക്ഷണ പ്രവർത്തനങ്ങൾക്ക് രൂപം നൽകേണ്ടത്. രണ്ടു വിഷയങ്ങളിൽ ഈ റിപ്പോർട്ട് ഊന്നൽ നൽകിയിട്ടുണ്ട്. ഒന്ന്, പുരയിട കൃഷിയുമായി ബന്ധപ്പെട്ട മൃഗപരിപാലനം. രണ്ട്, താറാവ് വളർത്തൽ പ്രോത്സാഹനം.

കുട്ടനാട് ജലകേന്ദ്രിത ആവാസ വ്യവസ്ഥയായതിനാൽ പുനർനിർമ്മാണ പദ്ധതിയിൽ മത്സ്യമേഖലയ്ക്ക് മുന്തിയ പരിഗണനയുണ്ടാവണം. കൃഷിയും മത്സ്യബന്ധനവും ഒരുമിച്ച് കുട്ടനാട്ടിലെ കുടുംബങ്ങളുടെ ജീവനോപാധിയാവുമെന്നാണ് നമ്മുടെ വിശ്വാസം. സംയോജിത ഫാമിംഗിന്റെ പല മാതൃകകളും വികസിപ്പിച്ചിട്ടുണ്ട്: നെല്ല് – മീൻ, പൊക്കാളി – ചെമ്മീൻ, നെല്ല് – മീൻ - താറാവ്, മീൻ - പച്ചക്കറി, വാഴ – പന്നി/കോഴി എന്നിവയാണ് ഒന്നിച്ചു ചെയ്യാവുന്നവ. മത്സ്യ വൈവിധ്യം വർദ്ധിപ്പിക്കാൻ മീൻ സങ്കേതങ്ങൾ (fish sanctuary) സ്ഥാപിക്കണം. മത്സ്യക്കുഞ്ഞുങ്ങളെ വളർത്തുന്ന കേന്ദ്രങ്ങൾ സ്ഥാപിക്കണം. കഴിയാവുന്ന എല്ലാ കുളങ്ങളിലും ശുദ്ധജല മത്സ്യക്കൃഷി ആരംഭിക്കണം. അലങ്കാര മത്സ്യക്കൃഷിക്കും വലിയ സാധ്യതകളാണുള്ളത്. മത്സ്യ സമ്പത്തിനു ദോഷകരമായ കുളവാഴയും മറ്റ് ജലകളകളും അടിയന്തിരമായി നീക്കേണ്ടതുണ്ട്.

ഉൾനാടൻ മത്സ്യത്തൊഴിലാളികളുടെ സാമ്പത്തിക സ്ഥിതി വളരെ മോശമാണ്.

ഭൂരിഭാഗം കുടുംബങ്ങളും ദാരിദ്ര്യരേഖയ്ക്കു താഴെയുള്ളവരും കടക്കെണിയിലുമാണ്. തണ്ണീർമുക്കം ബണ്ട് അടച്ചിടുന്ന സമയം ഈ കുടുംബങ്ങൾക്ക് സൌജന്യ റേഷൻ അനുവദിക്കണമെന്ന മുൻ കുട്ടനാട് പാക്കേജിലെ ആവശ്യം ഞങ്ങൾ ആവർത്തിക്കുന്നു. ഈ മേഖലയിൽ തൊഴിലെടുക്കുന്ന സ്ത്രീകളുടെ സ്വയം സഹായ സംഘങ്ങൾക്ക് പലിശരഹിത വായ്പ ഉറപ്പാക്കണം. സംസ്ഥാന സർക്കാരിന്റെ ഭവന നിർമ്മാണ പദ്ധതിയിൽ കുട്ടനാട്ടിലെ മത്സ്യബന്ധന തൊഴിലാളികൾക്ക് മുൻഗണന നൽകണം.

കേരള സർക്കാർ 2017 ജൂണിൽ ഉത്തരവാദിത്വ ടൂറിസം മിഷനു രൂപം നല്കി. ഈ മേഖലയിൽ അതിന്റെ പ്രവർത്തനം ശക്തമായിട്ടുണ്ട്. വേമ്പനാട് കായലിലെ മാലിന്യങ്ങൾ നീക്കാനുള്ള ശ്രമവും മിഷൻ ഏറ്റെടുത്തിരിക്കുന്നു. കുട്ടനാട് മേഖലയിലെ ജല മലിനീകരണത്തിന്റെ ഒരു സ്രോതസ്സ് പുരവഞ്ചികളാണ്. അംഗീകാരമുള്ളതും ഇല്ലാത്തതുമടക്കം ഏതാണ്ട് 1500 പുരവഞ്ചികൾ വേമ്പനാട് കായലിൽ പ്രവർത്തിക്കുന്നുണ്ട്. ഇവയുടെ പ്രവർത്തനം നിരീക്ഷിക്കുന്നതിന് പല വകുപ്പുകൾ പലവിധ പ്രവൃത്തികൾ ചെയ്യേണ്ടതുണ്ട്. അതിനാൽ പുരവഞ്ചി വ്യവസായത്തെ നിയന്ത്രിക്കുന്നതിനും നിരീക്ഷിക്കുന്നതിനുമായി ഒരു പ്രത്യേക ഏകോപിത ഗവേണിംഗ് ബോഡി സ്ഥാപിക്കണം. വേമ്പനാട് കായലിലെ ജൈവവൈവിധ്യ കലവറയായ പാതിരാമണൽ സംരക്ഷിക്കണം. യാതൊരുവിധ നിർമ്മാണ പ്രവർത്തനങ്ങളും അവിടെ അനുവദിക്കരുത്. കണ്ടൽകാടുകൾ അതിനു ചുറ്റും വച്ചുപിടിപ്പിച്ച് സംരക്ഷിക്കണം.

നിലവിലുള്ള കുടിവെള്ള വിതരണ സമ്പ്രദായം മൊത്തത്തിൽ പരിഷ്കരിച്ച് കുട്ടനാട് താലൂക്കിലെ എല്ലാ കുടുംബങ്ങളിലും ശുദ്ധമായ കുടിവെള്ളം എത്തിക്കണം. മുമ്പ് നടത്തിയ ശ്രമങ്ങൾ ഫണ്ടിന്റെ കുറവു കൊണ്ടും നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തിയാവാത്തതിനാലും പരാജയപ്പെടുകയായിരുന്നു. ചെയ്ത പണികൾ പാഴായിപ്പോവുന്ന സ്ഥിതി മേലിൽ ആവർത്തിക്കപ്പെടരുത്. അടുത്ത 2-3 ദശകങ്ങളിൽ ഈ പ്രദേശത്ത് ആവശ്യമായി വരുന്ന വെള്ളത്തിന്റെ അളവിന്റെ അടിസ്ഥാനത്തിലാവണം പദ്ധതികളുടെ ആസൂത്രണവും നടപ്പാക്കലും. അതിന് മൊത്തം 291 കോടി രൂപ ചെലവുവരുമെന്നും അത് കിഫ്ബി വഴി കണ്ടെത്താമെന്നുമാണ് കരുതുന്നത്. അതിനു പുറമേ വീടുകളിലെ കിണറുകൾ ശുദ്ധീകരിച്ച് കുടിവെള്ളം ഉറപ്പുവരുത്തേണ്ടതുണ്ട്. വീടുകളിൽ കക്കൂസില്ലാത്തതിനാൽ മാലിന്യം വേമ്പനാട് കായലിലേക്ക് നേരിട്ടു തള്ളുന്നു, അത് കുടിവെള്ള സ്രോതസ്സുകളെ മലിനപ്പെടുത്തുന്നു. മഴക്കാലത്ത് കക്കൂസ് ടാങ്കുകൾ കവിഞ്ഞൊഴുകുന്നതും പ്രശ്നമാണ്. ശുചിത്വവുമായി ബന്ധപ്പെട്ട ഇക്കാര്യങ്ങളെല്ലാം പൊതുജനാരോഗ്യത്തെ ബാധിക്കുന്നതാണ്. ശുചിത്വത്തിന് ഈ മേഖലയ്ക്കനുയോജ്യമായ സാങ്കേതിക വിദ്യ ഉപയോഗപ്പെടുത്തണം.

കക്കൂസ് മാലിന്യ പരിപാലന പ്ലാന്റ് ഈ പ്രദേശത്ത് ഒഴിച്ചുകൂടാനാവാത്തതാണ്. സർക്കാ

ർ അല്ലെങ്കിൽ സ്വകാര്യ ഫാമിൽ സ്ഥാപിക്കുന്ന പ്ലാന്റിൽ നിന്നും വേർതിരിച്ചെടുക്കുന്ന വെള്ളം ജലസേചനത്തിനും ഖരവസ്തു വളമായും ഉപയോഗപ്പെടുത്താം. ഇത് പൂർണ്ണമായും യന്ത്രസഹായത്തോടു കൂടി പ്രവർത്തിപ്പിക്കാവുന്നതാണ്.

വേമ്പനാട് കായലിലെ മലിനീകരണത്തിന്റെ ഒരു പ്രധാന കാരണം ആലപ്പുഴ, കോട്ടയം, വൈക്കം പോലെയുള്ള നഗരങ്ങളിൽ നിന്നും കായലിലേക്ക് ഒഴുക്കി വിടുന്ന മാലിന്യങ്ങളാണ്. ഈ നഗരങ്ങളിലെ മാലിന്യ സംസ്കരണം മെച്ചപ്പെടുത്താതെ വേമ്പനാട് കായലിനെ മാലിന്യമുക്തമാക്കാൻ കഴിയില്ല. അതിനാൽ പ്രത്യേക പദ്ധതികൾ തന്നെ ഈ നഗര പ്രദേശങ്ങളിൽ നടപ്പിൽ വരുത്തേണ്ടതുണ്ട്. 2017-ൽ ആലപ്പുഴയിൽ ആരംഭിച്ച കനാൽപ്പി പദ്ധതി ഒരു നല്ല തുടക്കമാണ്. ഇതിന്റെ വ്യാപ്തി വിപുലമാക്കണം. ജനകീയ പങ്കാളിത്തത്തോട് കൂടി മറ്റ് നഗര പ്രദേശങ്ങളിലേക്ക് (കൊച്ചി, ഏലൂർ) കൂടി ഇത്തരം പദ്ധതികൾ വ്യാപിപ്പിക്കണം.

അന്താരാഷ്ട്ര നിലവാരത്തിലുള്ള ഒരു സംയോജിത റൈസ് പാർക്ക് കുട്ടനാട്ടിൽ സ്ഥാപിക്കണം. അരിയും അരിയുല്പന്നങ്ങളും കയറ്റുമതി ചെയ്യുന്നതടക്കം ഒരു വിതരണ ശൃംഖല വികസിപ്പിക്കണം. ഇത് നെല്ലിനെ അരിയും മറ്റ് ഉല്പന്നങ്ങളുമാക്കി മാറ്റുന്നതിലും വിപണനത്തിലും ഉന്നതനിലവാരമുള്ള സാങ്കേതികവിദ്യ പ്രദാനം ചെയ്യുന്നതാവണം. അരി ഉല്പന്നങ്ങളുടെ ഉല്പാദനം, സംഭരണം, വിതരണം എന്നിവയ്ക്കുള്ള സൌകര്യങ്ങളുണ്ടാവണം. ഈ സ്ഥാപനത്തോടനുബന്ധിച്ച് എല്ലാവിധ പശ്ചാത്തലസൌകര്യങ്ങളും ഏർപ്പെടുത്തണം.

തടസ്സമില്ലാതെ വൈദ്യുതി ലഭിക്കേണ്ടത് കുട്ടനാടിന്റെ ഒരു അടിയന്തിരാവശ്യമാണ്. പാടത്തുനിന്നും വെള്ളം പമ്പ് ചെയ്ത് കളയുന്നത് ദിവസങ്ങളോളം മുടക്കമില്ലാതെ നടക്കുന്ന പ്രവൃത്തിയാണ്. തടസ്സമുണ്ടാവുന്നതും അകലെ കോട്ടയം ജില്ലയിലെ പള്ളത്തുള്ള ഇലക്ട്രിസിറ്റി ബോർഡ് ആഫീസിൽനിന്നും വൈകി ഇടപെടുന്നതും പതിവായതിനാൽ കുട്ടനാട് മേഖലയിൽ ഒരു സബ്സ്റ്റേഷൻ എന്ന ആവശ്യം എത്രയും വേഗം പ്രാവർത്തികമാക്കണം.

മൊത്തം 2447.66 കോടി രൂപയുടെ ഒരു പദ്ധതിയാണ് കുട്ടനാടിന്റെ പുനർ-നിർമ്മാണത്തിനായി ആസൂത്രണ ബോർഡ് ഇവിടെ നിർദ്ദേശിക്കുന്നത്. ഒരു പ്രത്യേക സമയ പരിധിക്കുള്ളിൽ ഇത് നടപ്പിൽ വരുത്തുന്നതിനുള്ള ശ്രദ്ധ ബോർഡിന്റെ ഭാഗത്ത് നിന്നുണ്ടാവും. മുൻ കുട്ടനാട് പാക്കേജിന്റെ ഒരു അനുഭവം ഏകോപനമില്ലായ്മയാണ്. ഇത് ഭാവിയിൽ ഉണ്ടാവാൻ പാടില്ല. അതിനാൽ വിവിധ വകുപ്പുകൾ കൂടി ചേർന്ന ഒരു ഹൈ-ലെവൽ മോണിറ്ററിങ് സംവിധാനം കൂടി ഉണ്ടാവേണ്ടതുണ്ട്.